(സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കും, എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കും അദ്ധ്യാപക ബാങ്കിൽ നിന്നും യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കുകയുണ്ടായോ ; എങ്കിൽ അപ്രകാരം നിയമിക്കപ്പെട്ടവർ സർക്കാർ മേഖലയിൽ എത്രയെന്നും എയ്ഡഡ് മേഖലയിൽ എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 2046.

സർക്കാർ മേഖല	-	816
എയ്ഡഡ് മേഖല	-	823
അൺ എയ്ഡഡ് മേഖല	-	361
സ്പെഷ്യൽ/റെസിഡൻഷ്യൽ/ടെക്നിക്കൽ സ്കൂളുകൾ	-	46

(ബി) സർക്കാർ മേഖല - 14,003

എയ്ഡഡ് മേഖല - 12,335

(സി) ഹയർ സെക്കണ്ടറി മേഖലയിൽ അദ്ധ്യാപക ബാങ്കിൽനിന്നും നിയമനം നടത്തിയിട്ടില്ല. (ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക ബാങ്ക് നിലവിലില്ല)

സംസ്ഥാനത്തെ ഹയർ സെക്കൻഡറി ബാച്ചുകൾ

95 (1150) ശ്രീ. ടി. വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ എയ്ഡഡ് മേഖലകളിൽ എത്ര ബാച്ചുകൾ നിലവിലുണ്ട് ; പ്രസ്തുത ബാച്ചുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഹയർ സെക്കണ്ടറി പ്രവേശനത്തിന് ഓരോ ജില്ലയിലും എത്ര കുട്ടികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലാണ് +2 ബാച്ചുകൾ തുടങ്ങുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത് ; സ്കൂളുകളുടെ വിശദാംശം നൽകുമോ ; അവയിൽ ഏതൊക്കെ സ്കൂളുകൾക്ക് കോടതി മുഖേന ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും ചെറുകുന്ന് ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും +2 ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖല യിൽ 2823 ബാച്ചുകളും എയ്ഡഡ് മേഖലയിൽ 3277 ബാച്ചുകളുമുണ്ട്. രണ്ട് വിഭാഗങ്ങളിലുമായി 336,629 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം(1) ആയി ചേർക്കുന്നു.*

(ബി) വിവരം അനുബന്ധം (II) ആയി ചേർക്കുന്നു.*

(സി) 19-5-2014-ന് എഡിസിസി3/16830/13/എച്ച്.എസ്.ഇ. നമ്പർ കത്ത് പ്രകാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോ സലിൽ കണ്ണൂർ ജില്ലയിൽ നിന്നുള്ള സ്കൂളുകളുടെ വിവരം അനുബന്ധം (III) ആയി ചേർക്കുന്നു.* കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനുവദിച്ച് ബാച്ചുകൾ അനുബന്ധം (IV) ആയി ചേർക്കുന്നു.*

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമനം

96 (1151) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരെ ഏതെങ്കിലും സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത നിയമനത്തിന് ഉത്തരവ് നൽകിയ ഉദ്യോഗസ്ഥനാരാണെന്ന് അറിയിക്കാമോ ;

(സി) സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് ചട്ടം അനുശാസിക്കുന്നുണ്ടോ ; ഏത് ചട്ടപ്രകാരമാണ് ഇങ്ങനെ സ്ഥലം മാറ്റം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ചട്ടപ്രകാരമല്ലാതെ സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് സ്ഥലംമാറ്റം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly